## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4365    19-10-2011-ലെ മറുപടിക്ക്

## ഇടുക്കി- വയനാട് പാക്കേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഇടുക്കി-വയനാട് പാക്കേജുകൾ സമയബന്ധിതമായി നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (എ) | മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള ഇടുക്കി ഐശ്വര്യ സമിതിയും, ചീഫ് സെക്രട്ടറി തലവനായുള്ള ഇടുക്കി കർമ്മ സമിതിയും, കാർഷികോൽപ്പാദന കമ്മീഷ്ണർ തലവനായ ടാക്സ് ഇംപ്ലിമെന്റേഷൻ കമ്മറ്റി എന്നി സമിതികൾ ഇടുക്കി പാക്കേജിന്റെ പുരോഗതി യഥാസമയം വിലയിരുത്തുന്നുണ്ട്. കൂടാതെ ഇടുക്കി വയനാട് പാക്കേജുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ വേണ്ടി ബ്ലോക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ യഥാസമയം പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു. |
| (ബി) | ഈ ജില്ലകളിലെ കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ചിട്ടുള്ള സഹായ പദ്ധതികളിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ? | (ബി) | കാലോചിതമായി പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ